ഗ്രാമന്യായാലയം ... പിൻ 688 003 ... അമ്പലപ്പുഴ ബ്ലോക്ക്



ഗ്രാമ ന്യായാലയം, അമ്പലപ്പുഴ

ഹാജർ:-ശ്രീമതി. ശ്രീമതി. ഇന്ദു.പി.രാജ്, Bsc., L.L.M., ന്യായാധികാരി, ഗ്രാമ ന്യായാലയം, അമ്പലപ്പുഴ

തീയതി, 2018 ഡിസംബർ 01.

**MC.16 /18 ലെ CMP.1621/18**

| | | |
|---|---|---|
| ഹർജിക്കാർ | : | 1. സാജിതാമോൾ. എം, വയസ്സ് 37,<br>W/o. ഷാജി,<br>ആയാംപറമ്പിൽ @ ആയന്റെകളത്ത്ിൽ,<br>തോട്ടപ്പള്ളി മുറി, പുറക്കാട് വില്ലേജ്,<br>അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ.<br>(അഭി.ഹമീദ് മാന്തളശ്ശേരിൽ) |
| എതൃകക്ഷി | : | 1. ഷാജി.വൈ, വയസ്സ് 47,<br>S/o. യൂസഫ്, വാടിയിൽ ഹൗസ്,<br>ലജനത്ത് വാർഡ്, ആലപ്പുഴ.<br>ഇപ്പോൾ താമസം<br>ബ്ലോക്ക് നമ്പർ-3, ക്വാർട്ടേഴ്സ് നമ്പർ -12,<br>പോലീസ് ഹൗസിംഗ് കോംപ്ളക്സ്,<br>കോമ്പാറ, എറണാകുളം.<br>(അഭി. ബിജിലി ജോസഫ്) |
| വകുപ്പ് | : | 2005-ലെഗാർഹിക പീഢനത്തിൽനിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 23 (2)- ാംവകുപ്പ് |

## ഉത്തരവ്

2005-ലെ ഗാർഹിക പീഢനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 23 (2)-ാം വകുപ്പ് പ്രകാരം ബോധിപ്പിച്ച ഹർജിയാണിത്. അപേക്ഷയുടെ ചുരുക്കം താഴെ പറയും പ്രകാരമാണ്.

2. എതൃകക്ഷി ഹർജിക്കാരിയുടെ ഭർത്താവ് ആണ്. ഹർജിക്കാരിയും എതൃകക്ഷിയും താമസിച്ചിരുന്ന എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷന്റെ കീഴിലുള്ള പോലീസ് കോർട്ടേഴ്സിൽ നിന്നും എതിർകക്ഷി *ഹർജിക്കാരിയെ ശാരീരികവും മാനസികവുമായി*

പീഡിപ്പിച്ചും ബലം പ്രയോഗിച്ചും പുറത്താക്കിയിട്ടുള്ളതാകുന്നു, അതുകൊണ്ടാണ് ഈ ഹർജി ഫയൽ ചെയ്തിരിക്കുന്നത്.

3. ഹർജിക്കാരിയും എതിർകക്ഷിയും ഭാര്യാഭർത്താക്കന്മാരാണ്. ഹർജിക്കാരിയെ എതിർകക്ഷി ഗാർഹിക പീഡനത്തിന് വിധേയമാക്കി എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷന് കീഴിലുള്ള പോലീസ് കോർട്ടേഴ്സിൽ നിന്നും ഉപദ്രവിച്ചും ബലം പ്രയോഗിച്ചും പുറത്താക്കിയിട്ടുള്ളതാണ്. ആയതിന്ശേഷം എതിർകക്ഷി സദാചാര വിരുദ്ധമായി ജീവിതം നയിച്ചുവരുന്നതുമാകുന്നു. ഹർജിക്കാരിക്ക് ജോലിയോ മറ്റു വരുമാനമോ ഇല്ല. തന്നെ ഉപേക്ഷിച്ചശേഷം ഹർജിക്കാരി തന്റെ പിതൃസഹോദരന്റെ തോട്ടപ്പള്ളിയിലെ വീട്ടിൽ 20/10/2015 -ൽ അഭയം പ്രാപിച്ചിട്ടുള്ളതുമാകുന്നു. എതിർകക്ഷി പൂർണ്ണ ആരോഗ്യവാനും കേരളാ പോലീസിൽ ജോലി ചെയ്ത് വരുന്നതും എതിർകക്ഷിയ്ക്ക് പ്രതിമാസം 80,000/- രൂപാ വരുമാനം ഉള്ളതുമാകുന്നു. ആയതിനാൽ ഹർജിക്കാരിക്ക് താൽക്കാലിക സാമ്പത്തിക പരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് ഒരു ഹർജി ഫയൽ ചെയ്തിട്ടുള്ളതാകുന്നു. ഈ ഹർജിയിലെ തർക്കം സമർപ്പിക്കാനായി എതിർകക്ഷിക്ക് നിരവധി അവസരങ്ങൾ കൊടുത്തിട്ടുണ്ട്. ആയത് തർക്കം സമർപ്പിക്കാത്തതിനാൽ ഈ ഹർജി എതിർകക്ഷിയെ കൂടാതെ തീരുമാനമാക്കുന്നു.

4. ഹർജിക്കാരിയും എതിർകക്ഷിയും ഭാര്യാഭർത്താക്കന്മാരാണ് എന്നുള്ളത് കോടതിയ്ക്ക് ബോദ്ധ്യം വന്നിട്ടുള്ളതുമാകുന്നു. *ഹർജിക്കാരിയെ എതിർകക്ഷി ശാരീരികവും മാനസികവുമായി പീഡിപ്പിച്ചിരുന്നു എന്ന കാര്യവും അവരെ വീട്ടിൽ നിന്നും ഇറക്കിവിട്ട കാര്യവും* സത്യവാങ്മൂലത്തിലെ പ്രസ്ഥാവനകൾ കൊണ്ടും 04.07.2018 ലെ പ്രോട്ടക്ഷൻ ഓഫീസറുടെ ഗാർഹിക സംഭവ റിപ്പോർട്ട് കൊണ്ടും കാണാൻ സാധിക്കുന്നതാണ്. ആയതിനാൽ എതിർകക്ഷി സർക്കാർ ഉദ്യോഗസ്ഥനാണെന്നുള്ള കാര്യവും ഇപ്പോൾ

മറ്റൊരു സ്ത്രീയുമായാണ് താമസിച്ച വരുകയാണെന്നും ഗാർഹിക സംഭവം റിപ്പോർട്ട് പ്രകാരം കോടതി മുമ്പാകെ വന്നിട്ടുള്ളതുമാണ്. ഹർജിക്കാരിക്ക് യാതൊരു വരുമാനവും ഇല്ലെന്ന് പരിഗണിച്ചും എതിർകക്ഷി സർക്കാർ ഉദ്യോഗസ്ഥനാണെന്ന് കണക്കിലെടുത്തും ഹർജിക്കാരിക്ക് 7,000/ രൂപാ പ്രതിമാസം മതിയായ ജീവനാംശമായി അനുവദിച്ച് ഉത്തരവാകുന്നു. ടി ഉത്തരവുകൾ ഇനിയൊരു ഉത്തരവ് ഉണ്ടാകും വരെ പ്രാബല്യം ഉള്ളതും ആകുന്നു.

1. *എതൃകക്ഷി ഹർജിക്കാരിയെയോ ബന്ധുക്കളെയോ യാതൊരു തരത്തിലുള്ള ശാരീരികവും, മാനസികവുമായ പീഢനവും നടത്താൻ പാടില്ല.*

2. *ഹർജിക്കാരിക്ക് 7,000/ രൂപാ പ്രതിമാസം മതിയായ ജീവനാംശമായി അനുവദിച്ച് ഉത്തരവാകുന്നു. ഈ തുക എല്ലാ മാസവും 5-ാം തീയതിക്കു മുമ്പ് കൊടുക്കണം. ഈ ഉത്തരവ് 22.11.2018 മുതൽ പ്രാബല്യത്തിൽ വരുന്നതുമാണ്.*

3. *സ്റ്റേഷൻ ഹൗസ് ഓഫീസർ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കേണ്ടതാണ്.*

*( ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2018 ഡിസംബർ 01 ന് വിധി പറഞ്ഞിട്ടുള്ളതാണ്.*

ന്യായാധികാരി,
ഗ്രാമ ന്യായാലയം, അമ്പലപ്പുഴ.